യേശുവിൻ സേനകൾ നാം ജയം നമുക്കുണ്ടല്ലോ

യേശുവിൻ പ്രിയമക്കൾ നാമല്ലോ

ജയം നമുക്കുണ്ടല്ലോ

നിന്നെ തൊടുന്നവരോ നിന്നെയല്ല

ദൈവത്തിൻ കൺമണിയെ തന്നെ തൊടുന്നു

സർവ്വ ശക്തൻ എഴുന്നേൽക്കുന്നു നിനക്കായ്

പുകപോലെ ചിതറുന്നു വൈരികളും

ഇതു സൈന്യത്താലെയല്ലാ ശക്തിയാലെയല്ലാ

ദൈവത്തിൻറെ ആത്മശക്തിയാലത്രെ

യേശുവിൻ ....... 1

ആശയ്ക്കു വകയില്ല എന്നു നിനയ്ക്കേണ്ടാ

നിന്നെ മെനഞ്ഞവൻ നിനക്കുണ്ടു കൂടെ

സൃഷ്ടിക്കും അവൻ കുറവായുള്ളതെല്ലാം

ഏല്പിക്ക തൻ കയ്യിൽ സകലത്തേയും

ഇതു സൈന്യ .. 2 യേശുവിൻ..... 1

കഷ്ടതയുണ്ടതു സ്ഥിരമല്ലെന്നറിക

നൊടിനേരം കൊണ്ടതു നീങ്ങിടുമല്ലോ

പരിഹാരമുണ്ടെല്ലാ ശോധനകൾക്കും

സർവ്വശക്തൻ നിനക്കരികിലുണ്ട്

ഇതു സൈന്യ ....2 യേശു... 2

ഇതു സൈന്യ .....4

Yeshuvin senakal naam jayam namukkundallo

yeshuvin priyamakkal naamallo jayam namukkundallo 2

ninne thodunnavaro ninneyalla

dyvatthin kanmaniye thanne thodunnu 2

sarvva shakthan ezhunnelkkunnu ninakkaayu

pukapole chitharunnu vyrikalum 2

ithu synyatthaaleyallaa shakthiyaaleyallaa

dyvatthinte aathmashakthiyaalathre 2

yeshuvin ....... 1

aashaykku vakayilla ennu ninaykkendaa

ninne menanjavan ninakkundu koode 2

srushtikkum avan kuravaayullathellaam

elpikka than kayyil sakalattheyum 2

ithu synya .. 2 yeshuvin..... 1

kashtathayundathu sthiramallennarika

nodineram kondathu neengidumallo 2

parihaaramundellaa shodhanakalkkum

sarvvashakthan ninakkarikilundu 2

ithu synya ....2 yeshu... 2

ithu synya .....4